# 3

# നുറുങ്ങലിന്റെ അനുഗ്രഹം

# (2:1-10)

ഒരു സാധു കൃഷിക്കാരന്റെ മകൻ ദാരിദ്ര്യാവസ്ഥയിൽ വളർന്നുവന്നു അവരുടെ കൃഷിസ്ഥലത്തിനടുത്തുള്ള ഒരു ചെറിയ സഭയിലാണ് പൊയ്ക്കൊ ിരുന്നത്. അവർ അവനെ ദൈവത്തിൽ വിശ്വസിപ്പാൻ പഠിപ്പിച്ചിരുന്നു. അപ്പന ും അമ്മയും അവരുടെ ലളിതമായ രീതിയിൽ തങ്ങളുടെ ദൈനന്തിന ആവ ശ്യങ്ങൾക്ക് അവർ ദൈവത്തിൽ ആശ്രയിച്ചിരുന്നു. തങ്ങളുടെ ലളിതമായ ഉപജീവനത്തിന് അവർ കഠിനമായി മണ്ണിൽ അദ്ധ്വാനിച്ചിരുന്നു.

ആ ബാലൻ വളർന്നപ്പോൾ താൻ ദരിദ്രനായിത്തന്നെ കഴിയുകയില്ല എന്ന് തീരുമാനിച്ചു. സമൃദ്ധമായ ജീവിതരീതി അവനെ ഒരു ഒഴിയാബാധപേ ാലെ ബാധിച്ചു. ഭൂമിക്ക് വില കൂടിവരുന്ന സമയമായിരുന്നതുകൊ്, അവന്റെ ആഗ്രഹനിവർത്തീകരണത്തിന് അവൻ ഭൂമി വാങ്ങി വില്പന നടത്തുവാൻ തുടങ്ങി. ചുരുങ്ങിയ കാലത്തിനുള്ളിൽ, അവൻ വിചാരിച്ചതിനേക്കാൾ സമ്പ ന്നനായി മാറി.

അവൻ ഒരു വലിയ വീട് പണിതു, വിലകൂടിയ കാറുകൾ വാങ്ങി, തന്റെ വ്യാപാരമേഖല വിപുലമാക്കി. അവനും അവന്റെ കുടുംബവും ആഡംബരജീ വിതം നയിക്കുവാൻ തുടങ്ങി. പിന്നെ സാമ്പത്തിക മാന്ദ്യം സംഭവിക്കുവാൻ തുടങ്ങി. ഭൂമിയുടെ എല്ലാം വില കുറയുവാൻ തുടങ്ങി. പലിശ നിരക്കും കുറഞ്ഞു തുടങ്ങി. സാമ്പത്തിക വ്യാപാരമെല്ലാം താഴ്ന്നു. ഇപ്പോൾ വരു മാനം കുറഞ്ഞതുകൊ് മുൻപ് തന്റെകുടുംബം ആസ്വദിച്ച സുഖലോലുപമായ ജീവിതരീതിക്ക് കഴിയുന്നില്ല. കുറേശെ കുറേശെ കടം എടുത്തു കാര്യങ്ങൾ നടത്തുവാൻ ശ്രമിച്ചത് ഭീമമായ സംഖ്യയായി കൊടുത്തു തീർക്കുവാൻ തന്നെ ക്ലേശമായി. അവൻ പൂർണ്ണമായും പാപ്പരായി.

ആഴ്ച്ചകൾ കഴിഞ്ഞപ്പോൾ, അവന്റെ മുഖത്തെ ചിരി മാഞ്ഞുപോയി, അവന്റെ ആത്മവിശ്വാസം നഷ്ടമായി, അവൻ നടക്കുന്നത് തലതാഴ്ത്തി തറ യിൽ നോക്കിയാണ്. അവന്റെ സ്നേഹിതന്മാരുടെ മുമ്പിലും വ്യവസായ പങ്കാളികളുടെ മുൻപിലും അവൻ തരം താഴ്ത്തപ്പെട്ടു. അവിചാരിത സാഹചര്യ ത്താൽ, നുറുങ്ങിപ്പോയ മനുഷ്യൻ, വീം ദാരിദ്ര്യാ-വസ്ഥയിലേക്ക് മാറ്റപ്പെട്ടു. ക്രമേണ അവൻ ആ സ്ഥലത്ത് നിന്നു മറ്റൊരു സ്ഥലത്തേക്ക് മാറി ജീവിതം വീം ഒന്നു മുതൽ തുടങ്ങാമെന്ന് വിചാരിച്ചു.

നുറുങ്ങൽ ഒരു വിധത്തിൽ അനുഗ്രഹമാണ്. ദൈവത്തിന് ഒരുപക്ഷെ അവന്റെ ഉദ്ദേശപ്രകാരം നമ്മെ പണിയുന്നതിന് ഒരുപക്ഷെ നമ്മെ നുറുക്ക ണമായിരിക്കും. ചിലപ്പോൾ ആളുകൾക്ക് തങ്ങളുടെ പാപത്താൽ ദൈവത്തെ തിരിച്ചറിയുവാൻ കഴിയാത്തത്ര അകലത്തിലേക്ക് പോയേക്കാം. അവരുടെ ശ്രദ്ധ വീം അവനിലേക്ക് തിരിയുവാനായി ദൈവം എന്തെങ്കിലും ചെയ്യും. ചിലപ്പോൾ, ഒരു ദേശം തന്നെ പാപം ചെയ്ത് ദൈവത്തെ തിരിച്ചറിയുവാൻ, കഴിയാതെ വരുമ്പോൾ, ദൈവം അവരെ ഓർപ്പിക്കേു്. നുറുങ്ങൽ ദൈവം അനുവദിക്കുന്നതാണ്, അത് അവന് യോജിക്കുന്ന വിധത്തിൽ യഥാസ്ഥാന

പ്പെടുത്തി ആത്മാക്കളെ രക്ഷിക്കേണ്ടിനാണ്. വിഷമം പിടിച്ച സാഹചര്യങ്ങൾക്ക് ശേഷം നമ്മെ ആരും ഒന്ന് ശരിയാക്കുവാനില്ലല്ലൊ എന്ന് വിചാരിച്ചേക്കാം, എന്നാൽ ദൈവത്തിന് കഴിയും!

മനുഷ്യജീവിതം നേരിടുന്ന ഭയങ്കരത്വവും ഭദ്രതയില്ലായ്മയും കൊച്ചു കുട്ടികളെ പഠിപ്പിക്കുന്ന "ഹംറ്റി ഡംറ്റി" എന്ന ഒരു നഴ്സറി ഗീതത്തിലു്:

> ഹംറ്റി ഡംറ്റി സാറ്റ് ഓണെ വാൾ
> ഹംറ്റി ഡംറ്റി ഹാഡെ ഗ്രെയിറ്റ് ഫാൾ
> ഓൾ കിങ്ങ്സ് ഹോർസെസ്
> ആന്റ് ഓൾ കിങ്ങ്സ് മെൻ
> കുഡ്നോട് ഗെറ്റ് ഹംറ്റി ടുഗെദർ എഗൈയിൻ[1]

ഹംറ്റി ഡംറ്റി ഒരു ലോലമായ മുട്ടയായി, വളരെ എളുപ്പത്തിൽ നൂറു കണക്കിനു കഷണങ്ങളായി തകരുമെന്ന രീതിയിൽ ചിത്രീകരിച്ചിട്ടു്. മനുഷ്യന്റെ ഞാൻ എന്ന ഭാവം പെട്ടെന്ന് പൊട്ടിത്തകരുന്നതാണ് എന്ന ശരിയായ വിവരണമാണ് ആ നഴ്സറി ഗീതത്തിലുള്ളത്. ദൈവത്തെ ത്യജിച്ച്, അവഗണിക്കുന്ന അവസ്ഥയിലേക്ക് മനുഷ്യൻ എത്തുമ്പോൾ, അവൻ വീഴുവാനൊരുങ്ങി നിൽക്കുന്നു എന്നർത്ഥം. പൗലൊസ് എഴുതി, "ആകയാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:12).

യെഹൂദ്യയിലെ ജനങ്ങൾ ദൈവത്തെ തള്ളിക്കളഞ്ഞതുകൊ്, അവൻ അവരെ അവരുടെ വഴിക്ക് വിട്ടു. യെഹൂദ്യയുടെ വീഴ്ച്ച ദൈവപ്രവൃത്തികളാലായിരുന്നു എന്ന് യിരെമ്യാവ് വിവരിക്കുന്നു: "യഹോവ അവരെ അങ്ങനെ ആക്കി ..." (2:6); "യഹോവ നിർണ്ണയിച്ചു ..." (2:8); "യഹോവ അനുഷ്ഠിച്ചിരിക്കുന്നു ..." (2:17). യെഹൂദ്യയോട് അങ്ങനെ ചെയ്യുവാനുള്ള കാരണം "യഹോവയുടെ കോപമായിരുന്നു" (2:1), "ഉഗ്രകോപം" (2:3), "തന്റെ ക്രോധം" (2:2, 4), "തന്റെ ഉഗ്രകോപത്തിൽ" (2:6). ദൈവം അതു ചെയ്തു; അവൻ യെഹൂദ്യയെ നശിപ്പിച്ചു. അഹങ്കാരികളായ തന്റെ ജനത്തെ അവൻ പാപ്പരാക്കി വീും പട്ടിണിയിലേക്ക് അയച്ചു.

2:1–10 ൽ, ദൈവം എങ്ങനെ യെഹൂദ്യയോടുള്ള തന്റെ കോപം ശമിപ്പിച്ചുവെന്നും, ശിക്ഷയായി ഭവിച്ചതെന്താണെന്നും പറഞ്ഞിരിക്കുന്നു.

### ദൈവം രാജ്യത്തെ മുറിച്ചു

ആദ്യമായി, ഒരു ദേശമായിരുന്ന യെഹൂദ്യയെ ദൈവം മുറിച്ചുകളഞ്ഞു.

> അയ്യോ യഹോവ സീയോൻ പുത്രിയെ തന്റെ കോപത്തിൽ മേഘംകൊ് മറെച്ചതെങ്ങനെ! അവൻ യിസ്രായേലിന്റെ മഹത്വം ആകാശത്തുനിന്ന് ഭൂമിയിൽ ഇട്ടുകളഞ്ഞു, തന്റെ കോപദിവസത്തിൽ അവൻ തന്റെ പാദപീഠത്തെ ഓർത്തതുമില്ല. കർത്താവ് കരുണ കാണിക്കാതെ യാക്കൊബിന്റെ മേച്ചൽപുറങ്ങളെ ഒക്കെയും നശിപ്പിച്ചിരിക്കുന്നു. തന്റെ ക്രോധത്തിൽ അവൻ യെഹൂദാപുത്രിയുടെ കോട്ടകളെ ഇടിച്ചുകളഞ്ഞിരിക്കുന്നു; ... രാജ്യത്തെയും അതിലെ പ്രഭുക്കന്മാരെയും അവൻ നിലത്തിട്ട് അശുദ്ധമാക്കിയിരിക്കുന്നു. തന്റെ ഉഗ്രകോപത്തിൽ അവൻ യിസ്രായേലിന്റെ കൊമ്പു ഒക്കെയും വെട്ടിക്കളഞ്ഞു; തന്റെ വലങ്കൈ

അവൻ ശത്രുവിൻ മുൻപിൽനിന്നു പിൻവലിച്ചുകളഞ്ഞു. ചുറ്റും ദഹിപ്പിക്കുന്ന ജ്വാലപോലെ അവൻ യാക്കൊബിനെ ദഹിപ്പിച്ചുകളഞ്ഞു. ശത്രു എന്നപോലെ അവൻ വില്ല് കുലച്ചു, വൈരി എന്നപോലെ അവൻ വലങ്കൈ ഓങ്ങി. കണ്ണിന്നു കൗതുകമുള്ളത് ഒക്കെയും നശിപ്പിച്ചുകളഞ്ഞു; സീയോൻപുത്രിയുടെ കൂടാരത്തിൽ തന്റെ ക്രോധം തീ പോലെ ചൊരിഞ്ഞു. കർത്താവ് ശത്രുവെപോലെ ആയി, യിസ്രായേലിനെ മുടിച്ചുകളഞ്ഞു; അവളുടെ അരമനകളെ ഒക്കെയും മുടിച്ചു; അവളുടെ കോട്ടകളെ നശിപ്പിച്ചുകളഞ്ഞു. യെഹൂദാപുത്രിക്ക് വിലാപവും ദുഃഖവും വർദ്ധിച്ചിരിക്കുന്നു (2:1-5).

യെഹൂദ്യ ചെറിയ ഒരു രാജ്യമായിരുന്നു. ചുറ്റും വികസിച്ചു വലുതായിക്കൊിരുന്ന വലിയ രാജ്യങ്ങളുടെ ഇടക്ക് ഈ ചെറിയ രാജ്യം എങ്ങനെ നിലനിന്നു എന്നു നാം അതിശയിച്ചേക്കാം. അവളുടെ നിലനിൽപിന്റെ ഉറവിടം എപ്പോഴും ദൈവം ആയിരുന്നു, ശത്രുരാജ്യങ്ങളായിരുന്ന അശൂര്യ, മിസ്രയിം, ബാബേൽ എന്നിവയുടെ ഭീഷണിയിൽ സംരക്ഷണം നൽകിയത് ദൈവമായിരുന്നു. അവന്റെ വലങ്കൈ അവളെ താങ്ങിയതുകൊ്, ശത്രുക്കൾ പിൻവലിഞ്ഞുപോയിരുന്നു. ആളുകൾ അതു തിരിച്ചറിയുന്നതുവരെ, ദൈവം ആ ബന്ധം നിലനിർത്തിയിരുന്നു. എന്തുകൊാണ് അവരെ സംരക്ഷിക്കുന്നതെന്നും, ആരാണ് സംരക്ഷിക്കുന്നതെന്നും അവർ മറന്നപ്പോൾ, അവർ ശത്രുക്കൾക്ക് വഴങ്ങുമാറായി.

ദൈവത്തിന്റെ കോപം സീയോൻപുത്രിയെ ഒരു മേഘം കൊ് മറെച്ചിരുന്നു. സ്വർഗത്തിൽനിന്ന് അവൾക്ക് നൽകിയിരുന്ന മനോഹാരിത പോയി. ദൈവം തന്റെ പാദപീഠമായിരുന്ന, യെഹൂദ്യയെ മറന്നു. ദയയില്ലാതെ, അവരുടെ വീടുകളെയും ശക്തികേന്ദ്രങ്ങളെയും നശിപ്പിച്ചു. അവരുടെ രാജ്യത്തെയും അതിലെ പ്രഭുക്കന്മാരെയും പരിഛേദന ഏല്ക്കാത്ത അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരെക്കൊ് അശുദ്ധമാക്കുകയും ചെയ്തു.

യാക്കൊബിനോട് ഒരു ശത്രുവെന്നപോലെ ദൈവം പെരുമാറി. ശത്രുസൈന്യം തങ്ങളുടെ ശത്രുവിന്റെ പാളയങ്ങളെ തീയിട്ടു ചുട്ടുകളയുന്നതുപോലെ തീജ്വാല അവനെ വിഴുങ്ങിക്കളഞ്ഞു. ഒരു പ്രതിയോഗി എന്ന പോലെ അവൻ തന്റെ വില്ല് കുലച്ചു കോപം ചൊരിഞ്ഞു.

ആദ്യ 4 വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള കുഴപ്പങ്ങൾ വാക്യം 5-ൽ ആവർത്തിച്ചിരിക്കുന്നു. ഒരു സത്യം ഊന്നിപ്പറയുവാനുള്ള എബ്രായ പദ്യങ്ങളുടെ ഒരു പതിവായിരുന്നു ആവർത്തനം. വാക്കുകളുടെ സ്വരാക്ഷരഗണത്തിലുള്ള ഗീതങ്ങൾക്ക് പകരം സമാന്തര ഘടനയുള്ളതാണ് പഴയനിയമ പദ്യങ്ങളെല്ലാം. ദൈവത്തോട് അവിശ്വസ്തത കാണിച്ച ആളുകളെ ഒടുക്കിക്കളയും എന്ന സത്യമാണ് ഇവിടെ ആവർത്തിച്ചിരിക്കുന്നത്.

## ദൈവം തന്റെ ആത്മിയ ഉടമ്പടിയിൽ നിന്നു പുറന്തിരിഞ്ഞു

രാമതായി, ദൈവം തന്റെ ജനം എന്ന നിലയിൽനിന്ന് യെഹൂദ്യയെ തള്ളിക്കളഞ്ഞു. അവൻ അവരോട് ചെയ്ത ഉടമ്പടിയിൽനിന്നു പിന്തിരിഞ്ഞുകളഞ്ഞു.

അവൻ തിരുനിവാസം ഒരു തോട്ടം പോലെ ആക്കിക്കളഞ്ഞു; തന്റെ

ഉൽസവസ്ഥലം നശിപ്പിച്ചിരിക്കുന്നു. യഹോവ സീയോനിൽ ഉൽസവവും ശബ്ബത്തും മറക്കുമാറാക്കി. തന്റെ ഉഗ്രകോപത്തിൽ രാജാവിനെയും പുരോഹിതനെയും നിരസിച്ചുകളഞ്ഞു. കർത്താവ് തന്റെ യാഗപീഠം തള്ളിക്കളഞ്ഞു. തന്റെ വിശുദ്ധമന്ദിരം വെറുത്തിരിക്കുന്നു; അവളുടെ അരമനമതിലുകളെ അവൻ ശത്രുവിന്റെ കയ്യിൽ ഏൽപിച്ചു. അവർ ഉൽസവത്തിലെന്നപോലെ യഹോവയുടെ ആലയത്തിൽ ആരവം ഉാക്കി. യഹോവ സിയോൻ പുത്രിയുടെ മതിൽ നശിപ്പിപ്പാൻ നിർണ്ണയിച്ചു; അവൻ അളന്നു നശിപ്പിക്കുന്നതിൽനിന്നു കൈപിൻവലിച്ചില്ല. അവൻ കോട്ടയും മതിലും ദുഃഖത്തിലാക്കി, അവ ഒരുപോലെ ക്ഷയിച്ചിരിക്കുന്നു. അവളുടെ വാതിലുകൾ മണ്ണിൽ പൂുപോയിരിക്കുന്നു; അവളുടെ ഓടാമ്പൽ അവൻ തകർത്തു നശിപ്പിച്ചിരിക്കുന്നു. അവളുടെ രാജാവും പ്രഭുക്കന്മാരും ന്യായപ്രമാണം ഇല്ലാത്ത ജാതികളുടെ ഇടയിൽ ഇരിക്കുന്നു, അവളുടെ പ്രവാചകന്മാർക്ക് യഹോവയിൽനിന്നു ദർശനം ഉാകുന്നതുമില്ല (2:6-9).

യെഹൂദ്യാ രാജ്യത്തെ ദൈവം നശിപ്പിച്ചതിനേക്കാൾ അധികം വിസ്മയം നമുക്കുായേക്കാവുന്നത് ദൈവം അവരോട് ചെയ്ത ഉടമ്പടിയിൽനിന്നു പിൻമാറിയതാണ്. ഭാഷ വളരെ വ്യക്തമാണ്: ദൈവം താൽക്കാലികമായി, യെഹൂദ്യയുമായുാക്കിയിരുന്ന ആത്മിയ സഖ്യം വേർപെടുത്തി.

ബാബേലിന്റെ കവർച്ചയാൽ, അവൻ സമാഗമനകൂടാരത്തിനും കേട് വരുത്തി, സഭായോഗസ്ഥലത്തെയും നശിപ്പിച്ചപ്പോൾ, നിശ്ചിത ഉൽസവങ്ങളും ശബ്ബത്തുകളും മറക്കുവാനിടയാക്കി, അവന്റെ പുരോഹിതന്മാരെയും യാഗപീഠത്തെയും, വിശുദ്ധസ്ഥലമായ ദൈവാലയത്തെയും തള്ളിക്കളഞ്ഞു. വിശുദ്ധനഗരത്തെയും, അവരുടെ സംരക്ഷണത്തിന് പണിത മതിലുകളും ഇടിച്ചുകളഞ്ഞു. എല്ലാറ്റിലും അധികം ദുഃഖിപ്പിക്കന്നത്, യിരെമ്യാവ് എഴുതി, “അവർ ന്യായപ്രമാണമില്ലാതെയും പ്രവാചകന്മാർക്ക് ദൈവത്തിൽനിന്ന് ദർശനം ഇല്ലാതെയുമായി” (2:9). കുറച്ചു സമയത്തേക്ക്, ചുരുങ്ങിയത്, ദൈവം തന്റെ ജനത്തോട് താൽക്കാലികമായി സംസാരിക്കാതിരുന്നു.

അതെ, യെഹൂദ്യ ശുന്യമാകുവാൻ ദൈവമാണ് കാരണം, എന്നാൽ അവിടത്തെ ആളുകൾ നിമിത്തമാണ് ദൈവം അതു ചെയ്തത്. ദൈവാലയത്തിലേക്ക് ജാതികളെ കൊുവന്നതിനാൽ അതിനെ അവർ അശുദ്ധമാക്കി. വിഗ്രഹങ്ങൾക്ക് യാഗം അർപ്പിച്ചുകൊ് അവർ ദൈവത്തിന്റെ യാഗപീഠത്തെ തുച്ഛീകരിച്ചു. പുരോഹിതന്മാർ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥന്മാരായി വിശുദ്ധമായ ജോലി ചെയ്യേവർ ആളുകളുടെ താല്പര്യം നിർവ്വഹിക്കുന്നവരായി തീർന്നു. വളരെ കാലത്തേക്ക് അവർ ന്യായപ്രമാണത്തെ മറന്നുകളഞ്ഞു. ദൈവം പറയുന്നതു കേൾക്കുവാനല്ല, മറിച്ച് തങ്ങൾക്ക് കേൾക്കുവാൻ ആഗ്രഹമുള്ളതു പ്രവാചകന്മാർ പറയുവാൻ അവർ ശഠിച്ചു. അങ്ങനെ അവർ ദൈവത്തോടുള്ള ഉടമ്പടി ലംഘിച്ചു. അത്തരം കാഴ്ച്ചപ്പാടിൽനിന്നാണ് വാസ്തവത്തിൽ ഈ കുഴപ്പങ്ങളെല്ലാം ഉാകുന്നത്.

## ദൈവം ഉദ്ദേശിച്ച ഫലം ഉളവായി

യെഹൂദ്യയുടെ മേലുായ ശിക്ഷ അല്പം കടുത്തുപോയെങ്കിലും, ദൈവം ഉദ്ദേശിച്ച ഫലമുായി: നുറുക്കൽ. അവരുടെ ബലഹീനാവസ്ഥയിൽ, ആളുകൾ

ദൈവത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞു.

> സീയോൻപുത്രിയുടെ മൂപ്പന്മാർ മിണ്ടാതെ നിലത്തിരിക്കുന്നു. അവർ തലയിൽ പൊടിവാരിയിട്ട് രട്ടുടുത്തിരിക്കുന്നു; യെരുശലേം കന്യകമാർ നിലത്തോളം തല താഴ്ത്തുന്നു (2:10).

മൂപ്പന്മാർ തലയിൽ പൂഴി വാരിയിട്ട്, ചണവസ്ത്രം ധരിച്ച്, നിലത്ത് മിണ്ടാതെയിരുന്നു. സാധാരണ വിലാപ രീതി ഇതായിരുന്നു. ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ അവനെ കാണുവാൻ വന്നപ്പോൾ, അവർ രട്ടുടുത്ത്, തലയിൽ പൂഴിവാരിയിട്ടുകൊണ്ട് ഒന്നും മിണ്ടാതെ ഏഴുപകലും രാത്രിയും ഇരുന്നു (ഇയ്യോബ് 2:12, 13). ഈ ആചാരം ഇന്നും ചില ആഫ്രിക്കൻ രാജ്യങ്ങളിൽ നിലനിൽക്കുന്നു്. 1983 ൽ സാംബിയയിലെ, കാബംഗക്കടുത്ത്, സമുഹത്തിലെ പ്രമുഖന്റെ കുടംബത്തിൽ ഒരു മരണമുായപ്പോൾ ആദരവ് പ്രകടിപ്പിക്കുവാൻ ധാരാളം ആളുകൾ ഒത്തുകൂടിയിരുന്നു. അപ്പോൾ, വെള്ളവസ്ത്രം ധരിച്ച ചില ആളുകൾ അടുത്ത് ഉഴുതുമറിച്ച വയലിൽ ഇരുന്ന് പൂഴി മുകളിലേക്ക് എറിഞ്ഞ് തലയിൽ വീഴ്ത്തുന്നത് ഞാൻ കാണുകയുായി.

യെരുശലേം കന്യകമാർ ഒരിക്കൽ അഹംഭാവത്തോട്, തലയുയർത്തിയാണ് നടന്നിരുന്നത്, എന്നാൽ ഇപ്പോൾ അവരുടെ തല താഴ്ത്തിയാണ് നടക്കുന്നത്. വെറുതെ താഴുകയായിരുന്നില്ല, പിന്നെയോ തരംതാഴ്ത്തിയതുകൊാണ് അങ്ങനെയായത്, നാം ചിലപ്പോൾ ചോദിക്കാറുള്ളതുപോലെ അവരും ചോദിച്ചിരിക്കാം, "ഇനി എങ്ങോട്ടാണ് പോകുക?"

---

### സന്ദേശം എന്താണ്?

മനസ് തകർന്നും ഹൃദയം നുറുങ്ങിയ, അഹംഭാവം തകർക്കപ്പെട്ടതുമായ ഒരാളെ നിങ്ങൾക്ക് തിരിച്ചറിയാമോ? നിങ്ങൾ ലജ്ജയും തരംതാഴ്ത്തലും അനുഭവിക്കുന്നുോ? നിങ്ങൾ സ്വയം-സഹതപിക്കുന്ന അവസ്ഥയിലേക്ക് ചുരുങ്ങിയിട്ടുോ? ഒരുപക്ഷെ അത്ര മോശമായിരിക്കയില്ല, നിങ്ങളുടെ തെറ്റിൽനിന്നു നിങ്ങൾ പഠിക്കുകയാണെങ്കിൽ, ദൈവം നിങ്ങളെ പഴയ അവസ്ഥയിലേക്ക് മടക്കി വരുത്തിയാൽ, അതു മുൻപിലത്തേക്കാളും നന്നായിരിക്കും.

യേശു തന്റെ ഗിരിപ്രഭാഷണത്തിലെ ആദ്യത്തെ തത്വം യേശുവിന്റെ വായിൽനിന്നു പുറപ്പെട്ടത് "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗരാജ്യം അവർക്കുള്ളത്" (മത്തായി 5:3). "അനുഗ്രഹിക്കപ്പെട്ട" എന്ന വാക്ക് ചിലപ്പോൾ തർജിമ ചെയ്തിരിക്കുന്നത് "ഭാഗ്യവാൻ" അല്ലെങ്കിൽ "സന്തോഷനിറവ്" എന്നാണ്. ഒരാൾക്ക് എങ്ങനെ ഒരേസമയത്ത് ആത്മാവിൽ ദരിദ്രനായും സന്തോഷനിറവിലും ആകുവാൻ കഴിയും? "ആത്മാവിൽ ദരിദ്രമായ അവസ്ഥ" സന്തോഷമല്ല, നിരാശയാണ് നല്കുന്നതെന്ന് തോന്നിപ്പിക്കും.

ഈ വേദഭാഗത്തു പറയുന്ന "ദരിദ്രൻ" ഒന്നുമില്ലാത്തവനേക്കാൾ കുറഞ്ഞ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത് - പാപ്പരായി, നിരാശനായി, പട്ടിണി-കിടക്കുന്ന അവസ്ഥയാണ്. പാപ്പരായ ഹൃദയത്തിൽ സന്തോഷമുാകുമോ? ഉാകും! അത്തരം ഹൃദയങ്ങളിലാണ് ദൈവത്തിന് പ്രവർത്തിക്കുവാൻ കഴിയുക. അങ്ങനെയുള്ള ഹൃദയങ്ങളിൽ അവന്നു വസിപ്പാനും, ആ ഹൃദയങ്ങളെ രൂപ

ാന്തരപ്പെടുത്തി അവന്റെ രൂപമാക്കി മാറ്റുവാൻ കഴിയും. ആ ഹൃദയങ്ങളിൽ അവന് ജീവിതത്തിന്റെ അർത്ഥവും വലിയ ഉദ്ദേശവും നൽകുവാൻ സാധിക്കും. ആ തകർക്കപ്പെട്ട ഹൃദയങ്ങളെ അവനു യഥാസ്ഥാനപ്പെടുത്തുവാൻ പറ്റും. ആ ഹൃദയങ്ങളുടെ ഉടമകൾ, തങ്ങൾ സ്വയമായി നിസഹായരും പ്രത്യാശാരഹിതരും ആണെന്ന് തിരിച്ചറിഞ്ഞവരാണ്. അവർ ദൈവത്തിന്ന് കീഴ്പ്പെട്ട് ഇങ്ങനെ പറയുവാൻ തയ്യാറായി, "കർത്താവേ, ഞാൻ ഇതാ, നീ എന്നെ വീും നിനക്ക് യോജിക്കുന്ന രീതിയിൽ പണിയേണമേ."

യേശു തന്നെയാണ് നമ്മുടെ മാതൃക. ഫിലിപ്പിയർ 2:5–8 ൽ പൗലൊസ് പറഞ്ഞു,

> ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉായിരിക്കട്ടെ, അവൻ ദൈവരൂപത്തിലിരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ, ദാസരൂപമെടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിതീർന്നു.

"നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേതിന്ന് നിങ്ങൾ നിമിത്തം ദരിദ്രരായി തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലൊ" (2 കൊരിന്ത്യർ 8:9). മത്തായി 5:3 ൽ യേശു ഉപയോഗിച്ച അതേ വാക്ക് തന്നെയാണ് ഇവിടെ പറഞ്ഞിരിക്കുന്ന "ദരിദ്രൻ," "ദാരിദ്ര്യം" എന്നീ വാക്കുകൾക്ക് ഉപയോഗിച്ചിരിക്കുന്നത്. യേശു ദരിദ്ര-നായി, പാപ്പരായി, നമുക്ക് വേി തന്നെത്താൻ ഒഴിക്കുകയും ചെയ്തു. അവന്റെ പാപ്പരത്വം മുൻകൂട്ടി കാണുവാൻ കഴിയാത്ത സാഹചര്യത്താലുായതല്ല. അവൻ പൂർണ്ണമായും സ്വയമായി അതിനു തയ്യാറായതാണ്. അവന്റെ സമ്പത്തിൽ നാം പങ്കുകാരാകേതിനാണ് അവൻ പാപ്പരായത്, എങ്കിലും യേശു ദൈവത്തോട് സമനായിരുന്നു. അവൻ തീർച്ചയായും ദൈവം ആണ്! (യോഹന്നാൻ 1:1). നാം അവനെപോലെ ആകേതിന് അവൻ നമ്മെപ്പോലെ ആയി – പിതാവിനോടുള്ള ഐക്യത്തിൽ.

നമ്മുടെ ജീവിതത്തിൽ "സ്വാർത്ഥത" ഒഴിയുവാനാണ് യേശു നമ്മെ പഠിപ്പിച്ചിരിക്കുന്നത്. നാം അതിൽനിന്നു പുറത്തു കടന്നാൽ മാത്രമെ അവനെക് അനുഗമിക്കുവാൻ പറ്റു. സ്വാർത്ഥത നിറഞ്ഞ ഹൃദയത്തിൽ, ദൈവത്തിന് സ്ഥാനമില്ല.

---

കുറിപ്പ്

[1]"ഹംറ്റി ഡംറ്റി," *ചൈൽഡ് ക്രാഫ്റ്റ്: ദ ഹൗ ആന്റ് വൈ ലൈബ്രറി,* വാല്യം. 1, *വൺസ് അപ്പോൺ എ ടൈം* (ഷിക്കാഗോ: വേൾഡ് ബുക്ക്, ഇൻക്., 1989), 20.

---

### ദൈവം നിങ്ങളുടെ ശ്രദ്ധ ആകർഷിച്ചിട്ടില്ലേ?

ദൈവത്തിന്റെ വിളി കേൾക്കാത്തവിധം ഒരു ദേശത്തിലെ ആളുകൾ അവനിൽനിന്ന് അത്രമാത്രം അകന്നുകഴിയുമ്പോൾ, അവരിലേക്ക് ദുർഘടാ

വസ്ഥ അയച്ച് തങ്ങളുടെ സൃഷ്ടികർത്താവും നിലനിർത്തുന്നവനുമായവങ്ക ലേക്ക് മടക്കിവരുത്തുവാൻ നോക്കും. സഭാദ്ധ്യക്ഷന്മാരും ഉപദേഷ്ടാക്കന്മാരും ലോകത്തിന്റെ ഭാഗമായി പ്രവർത്തിച്ച് ജനങ്ങളുടെ ആത്മിയ ഉദാസീനതയെ ബോധ്യപ്പെടുത്തി അവരെ മയക്കത്തിൽ നിന്നുണർത്തുവാൻ ശ്രമിച്ചതിന ാൽ ഉപദ്രവം ഏറ്റുവാങ്ങിയിട്ട്. പ്രാർത്ഥനയും ത്യാഗവും മറന്നുപോയ സഭ ഏതെങ്കിലും വിധത്തിൽ മുട്ടിന്മേൽ നിൽക്കുവാൻ ശീലിക്കണം. യേശുക്രി സ്തുവിന്റെ രക്തത്താലുള്ള രക്ഷയേക്കാൾ ലോകപ്രകാരമുള്ള വിജയം ലക്ഷ്യ മാക്കുന്ന സഭ അവരെ നശിപ്പിക്കുവാനിടയുള്ള ആ സമൃദ്ധി ഉപേക്ഷിക്കണം.

തന്റെ വചനത്താൽ അവൻ നമ്മെ ആകർഷിച്ചത് നാം സ്വീകരിക്കു ന്നില്ലെങ്കിൽ, യെഹൂദ്യയിൽ അവൻ ചെയ്തു ശ്രദ്ധ ആകർഷിച്ചതുപോലെ ചെയ്തേക്കാം. ആധുനിക-മായ ലോകത്തിന് ഇന്ന് അതു അപകടകരമായ ഒര വസ്ഥയായിരിക്കും, ഡേവിഡ് വെൽസ് പറഞ്ഞതു, അവന്റെ വിശുദ്ധി സഭക്ക് അന്യമായി, അതായത്, സഭയുടെ അന്തിമാധികാരം, വ്യക്തിതാൽപര്യമായതു കൊ്, "ദൈവം സഭയിൽനിന്ന് അപ്രത്യക്ഷമാകുവാൻ തുടങ്ങുന്നു" എന്നാണ്.[1]

ചരിത്രം ആവർത്തിക്കുകയാണോ? ഇന്ന് ആളുകൾ തങ്ങളുടെ വ്യക്തിപര മായ താല്പര്യങ്ങൾ തന്നെയാണ് ദൈവത്തിന്റെ താല്പര്യങ്ങൾ എന്ന മട്ടിൽ തങ്ങളുടെ ബീഭൽസമായ കഴിവുകളെ ഉപയോഗിക്കുന്നതായി തോന്നുന്നു. യിരെമ്യാവിന്റെ കാലത്തെ പ്രവാചകന്മാരും പുരോഹിതന്മാരും ആ രീതിയി ലാണ് ഉപദേശിച്ചിരുന്നത്. ഉപദേഷ്ടാക്കന്മാർ ദൈവേഷ്ടമെന്ന രീതിയിൽ ആളുകളുടെ താൽപര്യമനുസരിച്ച് പ്രസംഗിച്ചുകൊിരിക്കുന്നു.

അവർ സ്വീകരിച്ചിരുന്നതുപോലെ ആയിരുന്നില്ല ദൈവത്തോടുള്ള വിശ്വസ്തതയും അവന്റെ ഇഷ്ടത്തോടുള്ള സമർപ്പണവും. അവന്റെ സത്യ ങ്ങളാണ് തികച്ചും അനിവാര്യമെന്ന് ആളുകൾ സത്യത്തെ പ്രഖ്യാപിക്കുന്നു എന്നവകാശപ്പെടുന്നവർ പോലും വിശ്വസിക്കാതിരിക്കുന്നു. സഭ ലോകത്തെ സ്വാധീനിക്കുന്നതിനേക്കാളധികം ലോകം സഭയെ സ്വാധീനിച്ചിരിക്കുകയണ്. നാം എന്തു വിശ്വസിക്കണമെന്ന് സമൂഹം തീരുമാനിക്കുന്നുവോ എന്നതിനി ടയിലും - നാം എന്തു വിശ്വസിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ - എന്നതിനും ഇടയിലാണ് സഭ.[2]

ആഫ്രിക്കയിലെ സിംബാബ്വെയിൽ മിഷ്ണറി ആയി പ്രവർത്തി ക്കുകയും, പിന്നീട് വിശ്വാസത്തിനായി മരിക്കുകയും ചെയ്ത ഒരു യുവാ വിന്റെ വിശ്വാസത്തിന്റേയും സമർപ്പണത്തിന്റേയും പ്രഖ്യാപനം എനിക്ക് ഇഷ്ടമാണ്. അയാൾ പറഞ്ഞു:

> ലജ്ജിക്കപ്പെടാത്തവരുടെ കൂട്ടായ്മയുടെ ഭാഗമാണ് ഞാൻ. പരിശുദ്ധാത്മ ശക്തി എന്നിലു്. അച്ച് വാർത്തിരിക്കുന്നു. ഞാൻ ലൈനിൽ നിൽക്കുന്നു. തീരുമാനം എടുത്തിരിക്കുന്നു - ഞാൻ അവന്റെ ശിഷ്യനാണ് - ഞാൻ പുറകോട്ട് നോക്കുകയില്ല, ഭാവിക്കേിന്നു മീതെ ഭാവിക്കുകയില്ല, മന്ദീഭ വിക്കുകയില്ല, തരംതാഴ്ന്ന ജീവിതത്തിനായി പിന്തിരിയുകയില്ല, കുകൊു നടക്കുകയില്ല, നിറമില്ലാത്തതോ, മൃദുവായതോ നോക്കുകയില്ല, വ്യർത്ഥ ദർശനങ്ങളിലോ, ലോകപ്രകാരമുള്ള സംസാരമോ, നിസാരമായവക്കായി നൽകുകയോ, ഉന്നതമായതിൽ തെറ്റിപ്പോകയോ ചെയ്യുകയില്ല.[3]

ദൈവം നിങ്ങളിലുങ്കെിൽ ലോകത്തിനു നിങ്ങളെ പിടിപ്പാൻ സാധ്യമല്ല.

നിങ്ങൾക്ക് ദൈവത്തിന്റെ ശ്രദ്ധയുണ്ടെങ്കിൽ, അവന് നിങ്ങളുടെ ജീവിതത്തെ നയിക്കുവാൻ കഴിയും. നിങ്ങൾ മുൻപ് ആയിരുന്നതിനെ, ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ദൈവത്തിന് നിങ്ങളെ തകർത്ത് ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുവാൻ കഴിയും.

ദാവീദിനെ പോലെ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുക:

> "ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരു ആത്മാവിനെ എന്നിൽ പുതുക്കേണമേ" (സങ്കീർത്തനങ്ങൾ 51:10).

---

കുറിപ്പുകൾ

[1]ഡേവിഡ് എഫ്. വെൽസ്, *ഗോഡ് ഇൻ ദ വെയിസ്റ്റലാന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1994), 148–49. [2]ഇബിഡ്., 154. [3]ബ്രെണ്ണൻ മാനിങ്ങ്, *ദ സിഗ്നേച്ചർ ഓഫ് ജീസസ്* (സിസ്റ്റേഴ്സ്, ഓറെഗ്.: മൾട്ട്നോമാ പ്രസ്, 1996), 31.